(ബി) ഇത്തരത്തിലുള്ള മറ്റേതെല്ലാം സ്ഥാപനങ്ങളാണ് കേരളത്തിൽ ഉള്ളത് ;

(സി) മൾട്ടി പോയിന്റ് എൻട്രി ആന്റ് ക്രെഡിറ്റ് സിസ്റ്റത്തിൽ വിഭാവനം ചെയ്യുന്നതുപോലെ കൃത്യമായ ഇടവേളകളിൽ പരീക്ഷ നടത്താതതുകൊണ്ട് പയ്യന്നൂർ വിമൻസ് പോളിടെക്നിക്കിലെ വിദ്യാർത്ഥിനികൾക്ക് ഒരു വർഷം നഷ്ടപ്പെടുന്നുവെന്ന പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ റാങ്ക് നിർണ്ണയിക്കാത്തതിനാൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് അർഹിക്കുന്ന അംഗീകാരം കിട്ടുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മേൽ പ്രശ്നങ്ങൾ പരിഗണിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) മൾട്ടി പോയിന്റ് എൻട്രി ആന്റ് ക്രെഡിറ്റ് സിസ്റ്റം രീതിയിലാണ് അവിടെ അധ്യയനം നൽകി വരുന്നത്.

(ബി) നെയ്യാറ്റിൻകര യിലുള്ള ഗവൺമെന്റ് പോളിടെക്നിക്, കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് എന്നിവിടങ്ങളിലും ഈ രീതിയിലുള്ള അധ്യയനമാണ് നൽകിവരുന്നത്.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. റാങ്ക് നൽകുന്ന കാര്യത്തിൽ വേണ്ട തീരുമാനം എത്രയും വേഗം എടുക്കുന്നതാണ്.

ട്രേഡ്സ്മാൻ തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത

76 (2935) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, എസ്.എസ്.എൽ.സി. ആയി ഉയർത്തുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യൽ ഏതു വരെയായി ; വ്യക്തമാക്കാമോ ;

(ബി) ട്രെയിഡ് ഇൻസ്ട്രക്ടർ (ഗ്രേഡ്-1)-നെ ഫോർമാൻ പോസ്റ്റിലേക്കുള്ള ഫീഡർ കാറ്റഗറിയായി പരിഗണിക്കണമെന്നുള്ള ഗവൺമെന്റിന്റെ ഉത്തരവ് നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മറ്റ് സംസ്ഥാനങ്ങളിലെ പോലെ എ.ഐ.സി.റ്റി.ഇ. പാറ്റേണും സ്കെയിലും പൂർണ്ണമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ട്രേഡ്സ്മാന്റെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. ആയി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) 22-2-1966-ലെ ജി.ഒ.(എം.എസ്.) നം:/83/66 വിവ പ്രകാരം ഫസ്റ്റ് ഗ്രേഡ് ട്രെയിഡ് ഇൻസ്ട്രക്ടറെ ഫോർമാന്റെ ഫീഡർ കാറ്റഗറി ആക്കി പ്രൊമോഷൻ നൽകിയിരുന്നു. എന്നാൽ തുടർന്ന വന്ന ശമ്പള പരിഷ്ക്കരണത്തിൽ ട്രെയിഡ് ഇൻസ്ട്രക്റ്റർ ഗ്രേഡ്-I-ന്റെ സ്കെയിൽ ഓഫ് പേ, ഫോർമാന്റെ ഫീഡർ കാറ്റഗറിയിൽ വരുന്ന മറ്റ് ഫീഡർ പോസ്റ്റുകളുടെ ശമ്പള സ്കെയിലിൽ നിന്നും വ്യത്യസ്തമാക്കിയിരുന്നു. മാത്രമല്ല, ഫോർമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് 5 വർഷത്തെ ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്റ്ററായുള്ള പ്രവൃത്തി പരിചയം ഉൾപ്പെടെ 10 വർഷത്തെ എക്സ്പീരിയൻസ് ആവശ്യമായിരുന്നു. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് ഫസ്റ്റ് ഗ്രേഡ് ട്രേഡ്സ്മാൻമാർക്ക് ഫോർമാൻ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സാദ്ധ്യത കുറഞ്ഞു. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഫസ്റ്റ് ഗ്രേഡ് ട്രേഡ്സ് ഇൻസ്ട്രക്ടർക്ക് പകരം മറ്റ് ഫീഡർ തസ്തികകളുടെ ശമ്പള സ്കെയിൽ ഉള്ള സീനിയർ ഗ്രേഡ് ട്രെയിഡ് ഇൻസ്ട്രക്ടർമാരെ ഉൾപ്പെടുത്തിയാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി.

(സി) എ.ഐ.സി.റ്റി.ഇ. പാറ്റേൺ നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ശമ്പള സ്കെയിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പുതിയ ആസ്ഥാനം

77 (2937) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം മാങ്ങാട് പറമ്പിൽ നിന്ന് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് പുതിയ ആസ്ഥാനമായി ഉദ്ദേശിക്കുന്ന സ്ഥലം ;

(സി) നിലവിലുള്ള സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പൂർത്തിയായ സ്ഥിതിക്ക് ആസ്ഥാനം മാറ്റുന്നത് പ്രായോഗികമാണോ ;

(ഡി) ആസ്ഥാനം മാറ്റുവാൻ സിൻഡിക്കേറ്റ് ശുപാർശ ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly